നവംബർ 2021

Atal Mission for Rejuvenation and Urban Transformation

# അമൃത്
## വാർത്താ പത്രിക

ലക്കം 7



# ജല ശക്തി അഭിയാൻ പൈലറ്റ് പദ്ധതികൾ നഗരസഭകൾ പൂർത്തീകരിച്ചു




ഫറോക്ക് – പേരുവാന്മാട് തോട് പുനുരുജ്ജീവന പദ്ധതി പൂർത്തീകരണ പ്രഖ്യാപനം
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി നടത്തുന്നു



# അമൃത് വാർത്താ പത്രിക

നവംബർ 2021 | പുസ്തകം 1 | ലക്കം 7



**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com


*(സ്വകാര്യ വിതരണത്തിന് മാത്രം)*



# എഡിറ്റോറിയൽ

രാജ്യത്തെ മുഴുവൻ നഗരങ്ങളിലും ശുദ്ധജല വിതരണവും സംരക്ഷണവും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജൽ ശക്തി അഭിയാൻ എന്ന പദ്ധതി കേന്ദ്ര ഭവന നഗര മന്ത്രാലയം നടപ്പിലാക്കിയത്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഇതിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക തുടങ്ങി കേന്ദ്രസർക്കാർ പദ്ധതിയ്ക്കായി നിശ്ചയിച്ച 7 മുൻഗണനാ മേഖലകളിലെ പദ്ധതികളാണ് നഗരസഭകൾ നടപ്പിലാക്കിയത്.

പദ്ധതികൾ തിരഞ്ഞെടുത്തതിലെ വൈവിധ്യം കൊണ്ടും പദ്ധതി നിർവ്വഹണത്തിലെ ജന പങ്കാളിത്തം കൊണ്ടും വളരെ കാര്യക്ഷമമായും മാതൃകാപരമായും പല നഗരസഭകൾക്കും പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചു. അമൃത് 2.0 നടപ്പാക്കുമ്പോൾ ഈ അനുഭവസമ്പത്ത് വളരെയധികം പ്രയോജനകരമായിരിക്കും.

ജല ശക്തി അഭിയാൻ പദ്ധതിയിലുടെ നഗരമേഖലയിലെ ജലസ്രോതസ്സുകളുടെ വർത്തമാനകാല സാഹചര്യം കൂടി മനസ്സിലാക്കുവാൻ നഗരസഭകൾക്ക് കഴിഞ്ഞു. ജീവന്റെ അമൃതായ ജലം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സമൂഹത്തിന് കാട്ടികൊടുക്കുവാനും ഒരു പരിധി വരെ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

പദ്ധതികളുടെ തിരഞ്ഞെടുപ്പിൽ മാത്രമല്ല കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാനും നമ്മുടെ നഗരസഭകൾക്ക് കഴിഞ്ഞു. പദ്ധതിയുടെ വിജയത്തിനായി പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**മിഷൻ ഡയറക്ടർ**



അമൃത് മിഷൻ നഗരങ്ങളിൽ അമൃത് സ്റ്റേറ്റ് മിഷൻ യൂണിറ്റ് അക്കൗണ്ട്സ് വിഭാഗത്തിന്റെ
വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനം



## ഉള്ളടക്കം



5 അമൃത് നഗരങ്ങളിലെ വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ്

6 മോയൻ സ്കൂൾ ജംഗ്ഷൻ - മേൽ നടപ്പാലം

7 ടുലിപ് - അനുഭവകുറിപ്പുകൾ

8 ജലശക്തി അഭിയാൻ പദ്ധതികൾ - വിവിധ നഗരസഭകളിലൂടെ




അമൃത് മിഷൻ നഗരങ്ങളിൽ അമൃത് സ്റ്റേറ്റ് മിഷൻ യൂണിറ്റ് അക്കൗണ്ട്സ് വിഭാഗത്തിന്റെ വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനം


തിരുവനന്തപുരം കോർപ്പറേഷനിലെ തെറ്റിയാർ തോട് നവീകരണം

# അമൃത് നഗരങ്ങളിലെ വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനം 2021-22

2021-22 വർഷത്തെ അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനത്തിന്റെ ആദ്യഘട്ടം ഒക്ടോബർ 20,21,22 തീയതികളിൽ യഥാക്രമം പാലക്കാട്, ഗുരുവായൂർ, തൃശ്ശൂർ എന്നീ നഗരസഭകളിൽ നടത്തി. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ മുനിസിപ്പൽ ഫിനാൻസ് എക്സപർട്ട് ശ്രീ. സിജോ വി.എസിന്റെ നേതൃത്വത്തിലാണ് സന്ദർശനം നടത്തിയത്. അമൃത് നഗരങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമമാക്കുക, ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിപാലിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ധനവിനിയോഗം പി.എഫ്. എം.എസ്. മുഖേന നടപ്പിലാക്കുക എന്നിവയായിരുന്നു സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

നിലവിലുള്ള രേഖകളുടെയും, രജിസ്റ്ററുകളുടെയും, ഫയലുകളുടെയും പരിപാലനം നിർദ്ദേശാനുസരണമാണോ എന്നും പദ്ധതി ചിലവുകളുടെ കൃത്യവും സുതാര്യമായ വിവരങ്ങളുമാണ് പ്രധാനമായും പരിശോധനയ്ക്ക് വിധേയമാക്കിയത്. അമൃത് പദ്ധതികളുടെ ആകെയുള്ള സാമ്പത്തിക പുരോഗതിയുടെ സമഗ്രമായ വിലയിരുത്തലും സന്ദർശനത്തിന്റെ ഭാഗമായി നടന്നു. പരിശോധന റിപ്പോർട്ടുകൾ അതാതു ദിവസം തന്നെ തയ്യാറാക്കി നഗരസഭാ സെക്രട്ടറിമാരെ ബോധ്യപ്പെടുത്തി. പരിപാലിക്കേണ്ട രേഖകളെയും പിൻതുടരേണ്ട നിർദ്ദേശങ്ങളും സംബന്ധിച്ച് വ്യക്തമായ ധാരണ നൽകുകയും ചെയ്തു.

നഗരസഭാ ജീവനക്കാരുടെ മാതൃകാപരമായ സഹകരണത്തിലൂടെ 80% ത്തോളം കൃത്യതയോടെ രേഖകളും രജിസ്റ്ററുകളും പരിപാലിക്കാൻ നഗരസഭകൾക്ക് സാധിച്ചിട്ടുണ്ട്. സന്ദർശനത്തിന്റെ ഭാഗമായി നഗരസഭാധ്യക്ഷൻന്മാരെ നേരിൽ കാണുകയും അമൃത് പദ്ധതി പുരോഗതി സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു. അടുത്ത രണ്ട് ഘട്ടങ്ങളിലായി ശേഷിക്കുന്ന അമൃത് നഗരങ്ങളും ഇത്തരത്തിൽ സന്ദർശിക്കുന്നതാണ്.




തൃശ്ശൂർ കോർപ്പറേഷനിൽ ബഹു. മേയറുമായി നടത്തിയ ചർച്ച



ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ബഹു. ചെയർമാനുമായി നടത്തിയ ചർച്ച



പാലക്കാട് മുനിസിപ്പാലിറ്റിയിൽ ബഹു. ചെയർപേഴ്സണുമായി നടത്തിയ ചർച്ച



# പാലക്കാട് നഗരസഭ

## മോയൻ സ്കൂൾ മേൽനടപ്പാല നിർമാണം പുരോഗമിക്കുന്നു



മോയൻ സ്കൂൾ മേൽനടപ്പാലത്തിന്റെ നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. അമൃത് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവിലാണ് മേൽ നടപ്പാലം നിർമിക്കുന്നത്.


പാലക്കാട് നഗരത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയമാണ് മോയൻ സ്കൂൾ. നടപ്പാലം വരുന്നതോടു കൂടി തിരക്കേറിയ ഈ ജംഗ്ഷനിൽ വിദ്യാർത്ഥികൾക്ക് റോഡു മുറിച്ച് കടക്കുന്നത് കൂടുതൽ സുരക്ഷിതവും എളുപ്പവുമാകും.

നഗരത്തിൽ സ്ഥാപിച്ചതിൽ വച്ച് ഏറ്റവും വലിയ നടപ്പാലമാണ് മോയൻ സ്കൂൾ ജംഗ്ഷനിലേത്. ആറ് മീറ്റർ ഉയരത്തിൽ, 33 മീറ്റർ നീളത്തിൽ സ്ട്രക്ചറൽ സ്റ്റീലിൽ ആണ് പാലം രൂപകല്പന ചെയ്തിട്ടുള്ളത്. ഗവൺമെന്റ് മോയൻ ഹയർ സെക്കന്ററി സ്കൂളിനെയും ഗവൺമെന്റ് മോയൻ എൽ.പി. സ്കൂളിനെയും ബന്ധിപ്പിക്കുന്ന രീതിയിലാണ് നടപ്പാലത്തിന്റെ നിർമാണം. 'ഹാബിറ്റാറ്റ്' എന്ന കമ്പിനിയാണ് ഇതിന്റെ നിർമാണ ചുമതല നിർവ്വഹിക്കുന്നത്.

# 'കേരളത്തിലെ നഗരങ്ങളിലെ മലിനജല സംസ്കരണം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരളത്തിലെ തദ്ദേശ നഗരസ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി നഗരങ്ങളിലെ മലിനജല സംസ്കരണം എന്ന വിഷയത്തിൽ 2021 ഒക്ടോബർ 18 മുതൽ 26 വരെ 5 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര ഭവന നഗരകാര്യ വകുപ്പ്, യു.എസ്. എയ്ഡിന്റെയും ബിൽ ഗേറ്റ്സ് ഫൗണ്ടേഷന്റെയും സഹകരണത്തോടെ വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (വാഷ്) നേതൃത്വത്തിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

അമൃത് ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ് സ്വാഗതവും പരിശീലന പരിപാടിയെ സംബന്ധിച്ച ആമുഖ പ്രസംഗവും നടത്തി. അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. വാഷ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് അമൃത് മിഷൻ കപ്പാസിറ്റി ബിൽഡിംഗ് എക്സ്പർട്ട് ശ്രീമതി സതികുമാരി പി. നന്ദി പ്രകാശിപ്പിച്ചു.





**ജിഷമോൾ ഷാജി**

> **"അമൃത് പദ്ധതിയുടെ മുൻഗണനാ മേഖലയായ വാട്ടർ&വേസ്റ്റ് വാട്ടറിനെ പറ്റി കൂടുതൽ പഠിക്കുന്നതിനും പ്രോജക്ടിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറുന്നതിനുമുള്ള അനുഭവ പാഠങ്ങൾ ഇന്റേൺഷിപ്പിലൂടെ ലഭിച്ചു.**




കേന്ദ്ര സർക്കാരിന്റെ ടുലിപ് പദ്ധതിയുടെ ഭാഗമായി അമൃത് കേരളയുടെ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ വാട്ടർ&വേസ്റ്റ് വാട്ടർ സെക്ടർ ഇന്റേണായാണ് ഞാൻ പ്രവർത്തിക്കുന്നത്. സിവിൽ എഞ്ചിനീയറിംഗ് മേഖലയിലെ ഒരു തുടക്കക്കാരി എന്ന നിലയിൽ വളരെ മികച്ച അവസരമാണ് എനിക്ക് ലഭിച്ചത്.

അമൃത് പദ്ധതിയുടെ മുൻഗണനാ മേഖലയായ വാട്ടർ&വേസ്റ്റ് വാട്ടർ മാനേജ്മെന്റിനെ കുറിച്ച് കൂടുതൽ പഠിക്കുന്നതിനും പ്രോജക്ടിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറുന്നതിനുമുള്ള അനുഭവ പാഠങ്ങൾ ഇന്റേൺഷിപ്പിലൂടെ ലഭിച്ചു. മലിനജല സംസ്കരണത്തിനായി നൽകിവരുന്ന പരിശീലനങ്ങളിലൂടെ ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ അറിയുവാൻ സാധിച്ചു.

3 അമൃത് നഗരങ്ങളിലെ വിവിധ പദ്ധതികളെ പറ്റി അറിയുന്നതിനും അവയുടെ നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമാകുവാനും സാധിച്ചു. ജലശക്തി അഭിയാൻ പ്രോജക്ടിന്റെ ഭാഗമായി 36 നഗരസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അവസരം ലഭിച്ചു.

നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പാർക്കുകളുടെ നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഗുണഭോക്താക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിനുമായുള്ള വിലയിരുത്തൽ പഠന സംഘത്തിന്റെ ഭാഗമാകുന്നതിനും സാധിച്ചു.

പ്രതിഭാധനരായ ഉദ്യോഗസ്ഥരോടൊപ്പമുള്ള പ്രവർത്തനം വളരെ ഉപകാരപ്രദമായിരുന്നു. കൂടാതെ നാടിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമാകാൻ അമൃതിലൂടെ അവസരം ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു.

---

കേന്ദ്ര സർക്കാരിന്റെ ടുലിപ് പദ്ധതിയുടെ ഭാഗമായി സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത് മിഷനിൽ അർബൻ പ്ലാനിംഗ്, അർബൻ റിഫോംസ്, അർബൻ അമ്നിറ്റീസ് എന്നിവയിൽ ഇന്റേൺഷിപ്പ് ചെയ്യാൻ സാധിച്ചത് എന്റെ കരിയർ ഡവലപ്മെന്റിന് വളരെ പ്രയോജനകരമായി. സിവിൽ എഞ്ചിനീയറിംഗ് ബിരുദാനന്തരം എനിക്ക് ലഭിച്ച ഈ അവസരം പഠിച്ച കാര്യങ്ങൾ പ്രാവർത്തികമായി പരിശീലിക്കാൻ കഴിഞ്ഞു.

കൊച്ചി കോർപ്പറേഷനിലെ അമൃത് പദ്ധതിയുടെ 90 ഓളം പദ്ധതികളുടെ ഭാഗമായി പ്രവർത്തിക്കാൻ സാധിച്ചു. കോർപ്പറേഷൻ, കെ.എം.ആർ.എൽ. എന്നീ ഓഫീസുകളുടെ പ്രവർത്തനങ്ങൾ അടുത്തറിയാനും പഠിക്കുവാനുമുള്ള അവസരം ലഭിച്ചു. അർബൻ ട്രാൻസ്പോർട്ട്, പാർക്ക്&ഗ്രീൻ സ്പെയിസ് എന്നീ മേഖലകളിലെ പദ്ധതികളുടെ ഡി.പി.ആർ. പഠിക്കുവാനും സൈറ്റിൽ പോയി സ്നാഗ് റിപ്പോർട്ട് ഉണ്ടാക്കുവാനും, കെ.എം.ആർ.എൽ. നടത്തിയ 15 പദ്ധതികളുടെ ക്ലോഷർ ഡോക്യുമെന്റ് ഉണ്ടാക്കുവാനും സാധിച്ചു.

മുതിർന്ന ഉദ്യോഗസ്ഥരുടെ അനുഭവജ്ഞാനവും പ്രവർത്തി പരിചയവും സ്വായത്തമാക്കാനും, അവരുടെ സഹായത്താൽ സൈറ്റിൽ പോയി പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അവസരവും ലഭിച്ചു. എന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നിർദ്ദേശങ്ങളും നൽകിയ അർബൻ പ്ലാനർ സന്തോഷ് സാറിനും അർബൻ ഇൻഫ്രാ സ്ട്രക്ചർ എക്സപർട്ട് സിജു സാറിനും സ്റ്റാഫിനും നന്ദിരേഖപ്പെടുത്തുന്നു.





**നന്ദന എസ്.**

> **"കൊച്ചി കോർപ്പറേഷനിലെ അമൃത് പദ്ധതിയുടെ 90 ഓളം പദ്ധതികളുടെ ഭാഗമായി പ്രവർത്തിക്കാൻ സാധിച്ചു. കോർപ്പറേഷൻ, കെ.എം.ആർ.എൽ. എന്നീ ഓഫീസുകളുടെ പ്രവർത്തനങ്ങൾ അടുത്തറിയാനും പഠിക്കുവാനുമുള്ള അവസരം ലഭിച്ചു.**


# ജൽ ശക്തി അഭിയാൻ
# പൈലറ്റ് പദ്ധതികൾ പൂർത്തീകരിച്ചു

രാജ്യത്തെ മുഴുവൻ നഗരങ്ങളിലും ശുദ്ധജല വിതരണവും സംരക്ഷണവും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ജൽ ശക്തി അഭിയാൻ എന്ന കേന്ദ്ര ഭവന നഗര മന്ത്രാലയത്തിന്റെ പദ്ധതി 2021 മാർച്ച് 22 ന് ആദരണീയനായ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജൽ ശക്തി അഭിയാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. 2021 ഏപ്രിൽ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 7 മുൻഗണനാ മേഖലകൾ നിശ്ചയിച്ചിട്ടുണ്ട്. മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക എന്നിവയാണ് ഈ മുൻഗണനാ മേഖലകൾ.

നമ്മുടെ സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളിലും ഈ പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ജൽ ശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭകൾ നടപ്പിലാക്കിയ പദ്ധതികൾ തുടർ പേജുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.





# കൊച്ചി കോർപ്പറേഷൻ

# ആണ്ടാംകുളം നവീകരണം

കൊച്ചി നഗരസഭ 2021-2021 വർഷത്തെ ജൽ ശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫോർട്ട് കൊച്ചി സോണലിൽ 6-ാം ഡിവിഷനിൽ ചെമ്പിട്ടപ്പള്ളി യിൽ സ്ഥിതിചെയ്യുന്ന ആണ്ടാംകുളം നവീകരിച്ചു. 1200 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കുളം സംരക്ഷണ ഭിത്തിയും ചുറ്റുമതിലും തകർന്ന് മാലിന്യവും പായലും നിറഞ്ഞ അവസ്ഥയിലായിരുന്നു. 15 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് കുളത്തിന്റെ നവീകരണത്തിനായി ലഭിച്ചത്.

നവീകരണത്തിന്റെ ഭാഗമായി 1500 ഘനയടി മാലിന്യവും പായലും നീക്കി കുളം വൃത്തിയാക്കി. ശുചീകരണത്തിന്റെ ഭാഗമായി കുളത്തിലെ വെള്ളം പൂർണ്ണമായും വറ്റിച്ചാണ് മാലിന്യങ്ങൾ നീക്കിയത്. സംരക്ഷണ ഭിത്തി കളും പടവുകളും പുതിക്കി പണിതു. കുളത്തിന്റെ തെക്ക് ഭാഗത്തായി പൊതു ജനങ്ങളുടെ സൗകര്യാർത്ഥം ഒരു നടപ്പാത കൂടി നിർമിച്ചു.



**സ്മിത പി.ജെ.**
നോഡൽ ആഫീസർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ
കൊച്ചി കോർപ്പറേഷൻ









# തിരുവനന്തപുരം കോർപ്പറേഷൻ

## ജല ശക്തി അഭിയാൻ വിവിധ പദ്ധതികൾ പൂർത്തീകരിച്ചു

ജല ശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി വിവിധങ്ങളായ പദ്ധതികളാണ് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയത്. പൗണ്ട് കടവ് പാർക്കിൽ പാർവതി പുത്തനാറിന്റെ കരയിൽ ജിയോ ടെക്സ്റ്റൈൽ ഉപയോഗിച്ച് സംരക്ഷണം ഒരുക്കി വൃക്ഷ തൈകളും മുളകളും വച്ച് പിടിപ്പിച്ചു. വെട്ട്റോഡ് മാർക്കറ്റിൽ ഉപയോഗശൂന്യമായി കിടന്ന സ്ഥലം ഫലവൃക്ഷ തൈകൾ നട്ട് ഹരിതാഭമാക്കി. കിണർ റീ ചാർജ്ജിംഗിന്റെ ഭാഗമായി വെട്ട് റോഡ് മാർക്കറ്റിലെ മേൽക്കൂരയിൽ നിന്ന് വീഴുന്ന മഴവെള്ളം ശേഖരിച്ച് ഫിൽറ്റർ ചെയ്ത് അവിടെയുള്ള കിണർ റീ ചാർജ്ജ് ചെയ്യാനുള്ള സംവിധാനം ഒരുക്കി. കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കുന്ദ്രാണി കുളം, തുറുവിക്കൽ കുളം, പെരുഞ്ചിറക്കോണം കുളം തുടങ്ങിയവ നവീകരിച്ചു. തെറ്റിയാർ തോട് ശുചീകരിച്ച് വശങ്ങളിൽ ജിയോ ടെക്സ്റ്റൈൽ വിരിച്ച് മണ്ണൊലിപ്പ് തടഞ്ഞു. ഹരിതപ്രദേശങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കുടപ്പനക്കുന്ന്, തമ്പാനൂർ, കുളത്തൂർ, കണ്ണമ്മൂല, പുഞ്ചക്കരി, വഞ്ചിയൂർ, വലിയശാല എന്നീ സ്ഥലങ്ങളിൽ ചെടികളും വൃക്ഷത്തൈകളും വച്ച് പിടിപ്പിച്ചു. വെട്ട് റോഡ് മാർക്കറ്റിൽ ഇന്റർലോക്ക് പാത, ഫിൽറ്റർ, സ്ട്രിപ്സ്, ഇൻ ഫിൽറ്ററേഷൻ ട്രഞ്ച് എന്നിവ ഉപയോഗിച്ച് ജലശക്തി പാർക്ക് നിർമിച്ചു.

ചന്തവിള മാർക്കറ്റിന് സമീപം ഒഴിഞ്ഞ് കിടന്ന സ്ഥലത്ത്, ആപ്രദേശത്തുള്ളതും തൊട്ടടുത്ത റോഡിൽ നിന്ന് വരുന്നതുമായ മഴവെള്ളം ശേഖരിച്ച് വെറ്റ് ലാൻഡ് കൺസപ്റ്റ് ഉപയോഗിച്ച് ശുദ്ധീകരിച്ച് അവിടെ നിർമിക്കുന്ന പാർക്കിലെ ചെടികൾ നനയ്ക്കാനും, ടോയ്ലെറ്റ് ഫ്ളഷിംഗിനും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന. ഈ പ്രവൃത്തി പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.



**ഗംഗ ആർ.എസ്.**
നോഡൽ ആഫീസർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവനന്തപുരം കോർപ്പറേഷൻ










# കണ്ണൂർ കോർപ്പറേഷൻ

## കക്കാട് പുഴയുടെ പുനരുദ്ധാരണവും സംരക്ഷണവും

ജൽ ശക്തി അഭിമാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ, പുഴാതി സോണിലിൽപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന മലീനസമായ കക്കാട് പുഴയുടെ പുനരുദ്ധാരണവും സംരക്ഷണവും പ്രവൃത്തി പൂർത്തീകരിച്ചു. സി.എഫ്.സി ഫണ്ടിൽ നിന്നും അനുവദിച്ച 90 ലക്ഷം രൂപ ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി നടത്തിയത്. പദ്ധതി 12/04/2021 ന് ആരംഭിക്കുകയും 14/09/2021 ന്പൂർത്തീകരിക്കുകയും ചെയ്തു.




**ബിജു പി.വി.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കണ്ണൂർ കോർപ്പറേഷൻ


കാലാകാലങ്ങളായുള്ള മാലിന്യ നിക്ഷേപവും, പുഴയിൽ അടിഞ്ഞുകൂടിയ ചെളിയും സംരക്ഷണ ഭിത്തി ഇല്ലാത്തത് മൂലമുള്ള മണ്ണിടിച്ചിലും, കാരണം പുഴയുടെ ആഴം കുറയുകയും മഴക്കാലങ്ങളിൽ പുഴയിലേക്ക് ഒഴുകിവരുന്ന വെള്ളത്തിന് അത് ഉൾക്കൊള്ളാൻ കഴിയാതെ കക്കാട് ടൗണിലും, റോഡിലും വെള്ളപൊക്കം ഉണ്ടാകുന്നത് സ്ഥിരം കാഴ്ച്ചയായിരുന്നു. ഈ പദ്ധതി വഴി 20,000 $m^3$ മണ്ണും, ചെളിയും മറ്റ് മാലിന്യങ്ങളും നീക്കംചെയ്യുകയും സംരക്ഷണഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ ഭിത്തി നിർമ്മിക്കുകയും, ബണ്ട് നിർമ്മിക്കുകയും ചെയ്തു.

പദ്ധതി പൂർത്തീകരിച്ചതിലൂടെ പുഴയുടെ ആഴം വർദ്ധിച്ചു. പരിസര പ്രദേശം ശുചിത്വ പൂർണ്ണമാക്കുവാൻ സാധിച്ചു. പിന്നീടുണ്ടായ ശക്തമായ മഴയിൽ കക്കാട് ടൗണിനേയും പരിസര പ്രദേശങ്ങളെയും ബാധിക്കുന്ന തരത്തിൽ വെള്ളപ്പൊക്കമുണ്ടായില്ല. കക്കാട് പുഴയുടെ പരിസരത്തെ മുഴുവൻ കൈയ്യേറ്റങ്ങളും ഒഴിപ്പിക്കാനും സംരക്ഷണ ഭിത്തികെട്ടി പുഴ സംരക്ഷിക്കാനും, മൂന്ന് ഏക്കറോളം ഭാഗം പൂർണ്ണമായി പുനരുജ്ജീവിപ്പിക്കാനും കഴിഞ്ഞു. പ്രസ്തുത പ്രവൃത്തിയിലൂടെ പുഴയുടേയും പരിസര പ്രദേശത്തേയും ആവാസ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കാനും പോഷിപ്പിക്കുവാനും കഴിഞ്ഞു.







# കൊല്ലം കോർപ്പറേഷൻ

## അമൃതകുളം പുനരുദ്ധാരണവും സംരക്ഷണവും

കൊല്ലം കോർപ്പറേഷനിലെ 42-ാം ഡിവിഷനിലെ മുണ്ടക്കലിൽ ഉള്ള അമൃതകുളം ജലശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചു. ഒരു സ്വാഭാവിക ജലസംഭരണിയാണ് ഇത്. വളരെ നാളുകളായി മാലിന്യം അടിഞ്ഞ് ഉപയോഗ ശൂന്യമായി കിടന്നിരുന്ന കുളവും പരിസരവും 11,89,804 രൂപ ചെലവിൽ നവീകരിച്ചു. പദ്ധതിയുടെ ഭാഗമായി കുളത്തിലെ ജലം ശുചീകരിച്ചു. കുളത്തിന്റെ പരിസരം വൃത്തിയാക്കി ഗേറ്റ് സ്ഥാപിച്ചു. രാത്രിയായാൽ വെളിച്ചം തീരെയില്ലാതിരുന്ന ഇവിടെ ലൈറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി വൈദ്യുതീകരണം നടത്തി. പരിസരത്തെ ജനങ്ങൾക്ക് ഒഴിവ് സമയം ചെലവഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി ബെഞ്ചുകൾ സ്ഥാപിച്ചു. കുളത്തിന്റെ ചുറ്റുമതിലുകൾ പെയിന്റ് ചെയ്ത് മനോഹരമാക്കി. പൈതൃകമായ ഒരു സ്ഥലം സംരക്ഷിച്ചതിനോടൊപ്പം സ്വാഭാവികമായ ഒരു ജലസംഭരണിയുടെ സംരക്ഷണവും പദ്ധതി നിർവ്വഹണത്തിലുടെ ഉറപ്പാക്കി.






**ഷാജി ജമാൽ**
നോഡൽ ആഫീസർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ
കൊല്ലം കോർപ്പറേഷൻ

# കോഴിക്കോട് കോർപ്പറേഷൻ

## മഴവെള്ളക്കൊയ്ത്ത്





**ഉദയൻ കെ.യു.**
നോഡൽ ആഫീസർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ
കോഴിക്കോട് കോർപ്പറേഷൻ

ജൽ ശക്തി അഭിയാൻ അമൃത് മഹോത്സവ് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നഗരത്തിലെ ഷീ ലോഡ്ജിൽ മഴവെള്ളക്കൊയ്ത്ത് സംവിധാനം സ്ഥാപിച്ചു. ലോഡ്ജിന്റെ മേൽക്കൂരയിൽ നിന്നുള്ള ജലം പി.വിസി. പൈപ്പ് വഴി കല്ല്, മണൽ, കരി എന്നിവ അടങ്ങിയ 500 ലിറ്റർ ഫിൽറ്റർ ടാങ്കിലൂടെ കടത്തിവിട്ട് 3000 ലിറ്റർ ശേഷിയുള്ള രണ്ട് സ്റ്റോറേജ് ടാങ്കുകളിലായി ശേഖരിച്ച് ഹോസ്റ്റൽ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നു. ശേഷിക്കുന്ന ജലം കിണർ റീചാർജ്ജ് ചെയ്യാനുമാണ് ഉപയോഗിക്കുന്നത്.

പദ്ധതിയുടെ അടങ്കൽ തുക 2 ലക്ഷം രൂപയാണ്. കൂടാതെ കോഴിക്കോട് കോർപ്പറേഷനിൽ 760 ചതുരശ്ര മീറ്റർ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിച്ച് കിണർ റീചാർജ്ജ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു. ഒരു ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.





# തിരുവല്ല നഗരസഭ

# പച്ചത്തുരുത്ത് നിർമ്മാണം




തിരുവല്ല നഗരസഭ ജലശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഘട്ടം എന്ന നിലയിൽ രണ്ട് പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ജലസ്രോതസുകളുടെ പുനരുദ്ധാരണം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചന്തത്തോട് പുനരുദ്ധാരണത്തിനായി 30,00,000/- രൂപ വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പ്ലാന്റേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി മഞ്ഞാടി ഡക്ക് ഹാച്ചറിയിൽ(ഡിഹാറ്റ്) പച്ചത്തുരുത്ത് നിർമ്മാണം എന്ന പ്രവൃത്തി 1,50,000 രൂപ ചിലവഴിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തി 100 ഫല വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുകയും സംരക്ഷണ മാർഗങ്ങൾ ഒരുക്കുകയും ചെയ്തു. ഇതിനായി 220 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുള്ളതാണ്. അവയുടെ ദൈനംദിന പരിപാലനവും പദ്ധതിയുടെ ഭാഗമയി നടന്നുവരുന്നു



**ബിന്ദു വേലായുധൻ**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവല്ല നഗരസഭ





# പറവൂർ നഗരസഭ



## തോടുകളുടെ പുനരുദ്ധാരണവും സംരക്ഷണവും

### മാലാക്കാവ് തോട്

നവീകരണത്തിന് മുൻപ്



നവീകരണത്തിന് ശേഷം






**അജി കെ.ആർ.**
നോഡൽ ആഫീസർ
സെക്രട്ടറി
പറവൂർ നഗരസഭ

### പട്ടുവിള നടവരമ്പ് തോട്

നവീകരണത്തിന് മുൻപ്



നവീകരണത്തിന് ശേഷം



പട്ടുവിള നടവരമ്പ് തോട് വൃത്തിയാക്കൽ (പ്രോജക്ട് നം. 71/20-21), മാലാക്കാവ് തോട് വൃത്തിയാക്കി മാലിന്യം നീക്കം ചെയ്യൽ ( പ്രോജക്ട് നം.69/20-21) എന്നീ പ്രവൃത്തികൾ AUEGS ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തോടുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും ചെളി രൂപത്തിലുള്ള മണ്ണും പുല്ലും നീക്കം ചെയ്ത് കെട്ടി കിടക്കുന്ന ജലത്തെ ഒഴുക്കി വിടുന്നു. നെൽകൃഷിയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ ജലത്തെ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം.

# കാസറഗോഡ് നഗരസഭ







**ഉപേന്ദ്രൻ വി.വി.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
കാസറഗോഡ് നഗരസഭ

കാസറഗോഡ് നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ട് ആയി കിണർ റീചാർജിംഗ് സംവിധാനം ഒരുക്കൽ പദ്ധതി നടപ്പിലാക്കി. കാസറഗോഡ് ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലാണ് പദ്ധതി നടപ്പിലാക്കിയത്. സ്കൂളിന് സമീപം സ്ഥിതിചെയ്യുന്ന രണ്ട് നില ആർ.സി.സി. കെട്ടിടത്തിന്റെ ടെറസിൽ പാരപ്പറ്റുകൾ നിർമിച്ച് പൈപ്പിലൂടെ വെള്ളം ശേഖരിച്ച് ഫിറ്റർ ചെയ്ത് ശുദ്ധീകരിച്ചതിനുശേഷം സ്കൂളിലെ തുറന്ന കിണറിൽ റീ ചാർജ്ജ് ചെയ്യുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 1,50,000/- രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.







# കോട്ടയം നഗരസഭ

## മഴവെള്ളക്കൊയ്ത്ത്

അമൃത് പദ്ധതിയുടെ ഭാഗമായുള്ള ജൽ ശക്തി അഭിയാൻ (അർബൻ) പദ്ധതിയുടെ മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക തുടങ്ങിയ മുൻഗണനാ മേഖലകളിൽ മഴവെള്ളക്കൊയ്ത്ത്, കിണർ റീ ചാർജ്ജിംഗ് എന്നീ മേഖലകളിലെ പദ്ധതികളാണ് കോട്ടയം നഗരസഭ നടപ്പിലാക്കിയത്.



**രാജീവ് ആർ.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കോട്ടയം നഗരസഭ

കോട്ടയം നഗരസഭയുടെ വിവിധ വാർഡുകളിൽ കിണർ റീചാർജിങിനായി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നമ്പർ :237/ 202122 മഴവെള്ള കൊയ്ത്തു (കിണർ റീചാർജിങ് ) എഗ്രിമെന്റ് നമ്പർ : 05/202122 തീയതി 15/09/2021, എന്നിവ പ്രകാരം വിവിധ വാർഡുകളിലെ സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ അടങ്കൽ തുക: 508500/ രൂപ ആണ്. ഗവൺമെന്റ് യു പി സ്കൂൾ ചിങ്ങവനം, ഗവൺമെന്റ് യു പി സ്കൂൾ പള്ളം, ഗവൺമെന്റ് എച്ച് എസ് & എൽ പി സ്കൂൾ നാട്ടകം, ഗവൺമെന്റ് യു പി സ്കൂൾ പുത്തേട്ട്, നാട്ടകം, ദേവീ വിലാസം പാറമ്പുഴ എൽ പി സ്കൂൾ, ഗവ. യു പി സ്കൂൾ കുമാരനല്ലൂർ തുടങ്ങിയ സ്കൂളുകളിൽ മഴ വെള്ള സംഭരണിയും കിണർ റീചാർജിങ് യൂണിറ്റും സ്ഥാപിച്ചു. പദ്ധതികളെല്ലാം തന്നെ 30/09/2021 നു പൂർത്തീകരിച്ചു.









# ആറ്റിങ്ങൽ നഗരസഭ

## വിവിധ പദ്ധതികളുടെ നിർവ്വഹണം

ജല ശക്തി അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളാണ് ആറ്റിങ്ങൽ നഗരസഭ നടത്തിയത്. തോടുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മാലിന്യങ്ങളും കളകളും നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടിരുന്ന നക്രാംകോട് റോഡിന് താഴെയുള്ള തോട്, കൈത്തോട്, കരിച്ചിയിൽ-പനവേലി തോട്, ഐ.റ്റി.ഐ. തോട്, കര വാരം തോട് തുടങ്ങിയ തോടുകൾ ശുചീകരിച്ച് ജലമൊഴുക്ക് സുഗമമാക്കി. കൈതവനം കുളം, പൈപ്പ് ലൈൻ കുളം തുടങ്ങിയവ മാലിന്യങ്ങളും പായലുകളും നീക്കി ശുചീകരിച്ചു. തുറസ്സായ സ്ഥലങ്ങൾ ഹരിത വത്ക്കരിക്കുന്നതിന്റെ ഭാഗമായി എൽ.എം.എസ്. സ്കൂൾ പരിസരം, സിദ്ധാശുപത്രി കോമ്പൗണ്ട് എന്നിവിടങ്ങളിൽ ചെടികളും മരങ്ങളും നട്ടുപിടിപ്പിച്ചു.



**താജുന്നിസാ ബീവി**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
ആറ്റിങ്ങൽ നഗരസഭ



















# പന്തളം നഗരസഭ

## തോടുകളുടെ നവീകരണം

പന്തളം നഗരസഭയിലെ കുരമ്പാലക്കുളം - നീരൊഴുക്കിൽ തോട് പുനരുദ്ധാരണം, ഊനംകോട്ട് പടി - പീച്ചംകോട്ട്പടി തോട് പുനരുദ്ധാരണം എന്നീ പദ്ധതികളാണ് ജൽ ശക്തി അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളത്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. കുരമ്പാലക്കുളം - നീരൊഴുക്കിൽതോട് പുനരുദ്ധാരണ പ്രവൃത്തിക്ക് 1,53,100/- രൂപയും, ഊനംകോട്ട് പടി - പീച്ചംകോട്ടുപടി തോട് പുനരുദ്ധാരണ പ്രവൃത്തിക്ക് 1,78,200/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഊനംകോട്ട്പടി - പീച്ചംകോട്ടുപടി തോടിൽ 1 കി.മീ ഭാഗം അടിഞ്ഞു കൂടിയ മണ്ണും, ചെളിയും നീക്കം ചെയ്ത് വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയാണ് നടപ്പിലാക്കിയത്. കുരമ്പാലക്കുളം - നീരൊഴുക്കിൽ തോടിൽ 1 കി.മീ ദൂരം മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചത്. രണ്ട് പ്രവൃത്തികളും സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിച്ചു.



**ബിനിൽ കുമാർ എസ്.എസ്.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പന്തളം നഗരസഭ











# പത്തനംതിട്ട നഗരസഭ

## തോടുകളുടെ നവീകരണം

പത്തനംതിട്ട നഗരസഭ ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി രണ്ട് പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. നന്നുവക്കാട് ഇരുപ്പങ്കൽ പടി നോർത്ത് വൈ.എം.സി.എ.തോട് പുനരുദ്ധാരണം (വാർഡ്-2) എസ്റ്റിമേറ്റ്തുക 1,02,000/-17/09/2021 ൽ പ്രവൃത്തി ആരംഭിച്ച് 23/10/2021 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

തോണിക്കുഴി പെരിങ്ങമല തോട് പുനരുദ്ധാരണം (വാർഡ്-3) എസ്റ്റിമേറ്റ്തുക 1,03,000/- 18/09/2021 ൽ പ്രവൃത്തി ആരംഭിച്ച് 22/10/2021 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.




**അനിത കുമാരി എസ്.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പത്തനംതിട്ട നഗരസഭ





# നെയ്യാറ്റിൻകര നഗരസഭ

## ജലാശയങ്ങളുടെ പുനരുജ്ജീവനം



നെയ്യാറ്റിൻകര നഗരസഭയിലെ നിലമേൽ വാർഡിലുള്ള മേക്കരി കുളം നീരൊഴുക്കില്ലാത്തതിനാലും ജലം കുറവായതിനാലും പരിസര വാസികൾക്ക് പ്രയോജനമില്ലാത്ത അസ്ഥയിലായിരുന്നു. എന്നാൽ നിലമേൽ വാർഡിലുള്ള കുളത്തിൽ നിന്നും ഏകദേശം 150 മീറ്റർ മാറി ഒഴുകുന്ന നിലമേൽ തോട് ജലസമൃദ്ധമാണ്. നിലമേൽ തോട്ടിൽ തടയണ നിർമിച്ച് 150 മീറ്റർ നീളം ഓട നിർമിച്ച് തോട്ടിലെ വെള്ളത്തെ കുളത്തിലെത്തിച്ചു. കുളം നിറഞ്ഞ് കവിയുന്ന ജലം പരിസരത്തെ കർഷകർക്ക് ഉപയുക്തമാകത്തക്ക രീതിയിൽ കൈച്ചാലുകൾ വഴി ജലസേചനം നടത്തുന്നു. കുളം ഇപ്പോൾ ജല സമൃദ്ധമാണ്. കുളത്തിൽ ജലം നിറഞ്ഞതിനാൽ പരിസരത്തെ നീരുറവകളും കിണറുകളും ജലസമൃദ്ധമായിട്ടുണ്ട്.



**എൻ.ലോറൻസ്**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
നെയ്യാറ്റിൻകര നഗരസഭ







# ആലുവ നഗരസഭ

## ഫലവൃക്ഷത്തൈ നടൽ

ആലുവ നഗരസഭ  അമൃത് മഹോത്സവ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രീ പ്ലാന്റേഷൻ തിരഞ്ഞെടുത്തു. ആലുവ നഗരസഭയിലെ 15-ാം വാർഡിലെ വെറ്ററിനറി ആശുപത്രിയുടെ സമീപത്താണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയത്. നൂറോളം ഫലവൃക്ഷ തൈകൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നട്ട് പരിപാലിച്ചു വരുന്നു. നഗരസഭ ഭരണസമിതിയുടെയും നാട്ടുകാരുടെയും പരി സ്ഥിതി പ്രവർത്തകരുടെയും സഹകരണത്തോടെയാണ് സെപ്തംബർ 30 നകം പ്രവൃത്തി പൂർത്തീകരിച്ചത്.




**ഐശ്വര്യ ബി സിങ്**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ആലുവ നഗരസഭ





# ഗുരുവായൂർ നഗരസഭ



## വിവിധ പദ്ധതികൾ

കേന്ദ്ര ഭവന നഗര മന്ത്രാലയത്തിന്റെ കീഴിൽ ജൽ ജീവൻ മിഷന്റെ പൈലറ്റ് പദ്ധതിയായിട്ടാണ് ജൽ ശക്തി അഭിയാൻ നടപ്പിലാക്കുന്നത്. രാജ്യത്തിന്റെ 75–ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന പരിപാടികളുടെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതി 2021 ഏപ്രിൽ 1 മുതൽ എല്ലാ നഗരസഭകളും നടത്തിവരുന്നു.

ഈ പദ്ധതിപ്രകാരം 4 പദ്ധതികളാണ് ഗുരുവായർ നഗരസഭ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. മാറാംകുളം തോട് നവീകരണം, ചോലയിൽ കുളം നവീകരണം, റെജിവുഡ് റോഡിന് സമീപമുള്ള കുളം നവീകരണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ എന്നീ പദ്ധതികളാണ് നഗരസഭ നടപ്പാക്കിയത്. എല്ലാ പദ്ധതികളും സെപ്റ്റംബർ 30 ന് മുൻപ് പൂർത്തീകരിച്ചു.



**ടോണി സി.എൽ.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
ഗുരുവായൂർ നഗരസഭ









# ചെർപ്പുളശ്ശേരി നഗരസഭ



## ഫലവൃക്ഷത്തൈ നടൽ



**ഷിനോജ് വി.എസ്.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ജൽ ശക്തി അഭിയാൻ പദ്ധതി പ്രകാരം 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെർപ്പുളശ്ശേരി നഗരസഭ ട്രീ പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിയത്. നഗരസഭയുടെ കീഴിലുള്ള ഹൈസ്കൂൾ കോമ്പൗണ്ടിൽ ഉപയോഗ ശൂന്യമായി കുത്തനെ കിടന്നിരുന്ന സ്ഥലം ലെവലിംഗ് നടത്തിയാണ് പ്ലാന്റേഷൻ നടത്തിയിട്ടുള്ളത്. അഞ്ച് സെന്റ് സ്ഥലത്ത് ആവശ്യമായ അകലം പാലിച്ച് 18 വിവിധയിനം വൃക്ഷത്തൈകളാണ് ഇപ്പോൾ പ്ലാന്റ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നഗരസഭാ ചെയർമാൻ നടത്തി. തൈകളുടെ പരിപാലന ചുമതല സ്കൂൾ പി.ടി.എ. യ്ക്കാണ് നൽകിയിട്ടുള്ളത്. പ്ലാന്റേഷൻ നടത്തിയ സ്ഥലം ചുറ്റുമതിൽ കെട്ടി തൈകളുടെ സംരക്ഷണത്തിനാവശ്യമായ കാര്യങ്ങളും സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. 3 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.



# അങ്കമാലി നഗരസഭ



## മഴവെള്ള സംഭരണി നിർമാണം



**ശോഭിനി ടി.വി.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ
അങ്കമാലി നഗരസഭ


കേന്ദ്ര ഭവന നഗരകാര്യ വകുപ്പിന്റെ ജൽ ജീവൽ ദൗത്യം നടപ്പിലാക്കുന്നതിന്റെ ഭാഗാമായി മഴവെള്ള സംഭരണി നിർമാണമാണ് നഗരസഭ തെരെഞ്ഞെടുത്തത്. നഗര സഭ ഓഫീസ് മന്ദിരം, പി.എച്ച്. സബ് സെന്റർ, മുനസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലായി മഴവെള്ള സംഭരണ ടാങ്ക് നിർമിക്കുക എന്നതായിരുന്നു പദ്ധതി. 10 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ 3,70,000/- രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയത്. ഫിൽറ്റർ ടാങ്ക് സ്റ്റാൻഡിനുള്ള സ്റ്റീൽ ബിൽറ്റ് അപ്, വാട്ടർ സ്റ്റോറേജ് ടാങ്കുകൾ, ഫിൽറ്റർ ടാങ്ക്, മീഡിയ സ്പ്രെഡിംഗ്, പി.വി.സി. പൈപ്പുകൾ, എൽബോ, ടി മുതലായവയും സബ് മേഴ്സിബിൾ മോട്ടോർ, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് നടത്തിയത്. കെ.എസ്.ഐ.ഇ. മുഖേനയാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയത്.












തൃപ്പൂണിത്തുറ നഗരസഭ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കിണർ റീചാർജിംഗ് എന്ന പദ്ധതിയാണ് ജൽ ശക്തി അഭിയാനിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പാക്കിയിട്ടുള്ളത്. ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിലെ പ്രധാന സ്ക്കൂൾ കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്ന് വീഴുന്ന മഴവെള്ളം സംഭരിച്ച് പി.വി.സി പൈപ്പിലൂടെ ഫിൽറ്റർ മീഡിയ വഴി ജലം ശുദ്ധീകരിച്ച് കിണറ്റിലേക്ക് റീചാർജ് ചെയ്യുന്ന പ്രവർത്തിയാണ് നടപ്പിലാക്കിയത്. 1,00,000/-രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്.





**സ്വീറ്റ ഫ്രാൻസിസ്**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
തൃപ്പൂണിത്തുറ നഗരസഭ






# ഇരിഞ്ഞാലക്കുട നഗരസഭ

## കുളം നവീകരിക്കലും ഓട ശുചീകരണവും

ജൽ ശക്തി അഭിയാനിൽ ഉൾപ്പെടുത്തി 3 പദ്ധതികളാണ് നഗരസഭ നടപ്പാക്കിയിട്ടുള്ളത്. വിവിധ വാർഡുകളിലെ തോടുകളുടെ മൺസൂൺ കാലത്തിന് മുന്നോടിയായുള്ള ശുചീകരണം 2 ഘട്ടമായി പൂർത്തീകരിക്കുന്ന രണ്ട് പദ്ധതികളും തുറുകായി കുളം നവീകരണ പദ്ധതിയുമാണ് നഗരസഭ നടപ്പാക്കിയത്. മൺസൂൺ കാലം തുടങ്ങുന്നതിന് മുൻപായി നഗരസഭാ പരിധിയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്ന തിന് ഉതകുന്ന രീതിയലാണ് ശുചീകരണം പൂർത്തിയാക്കിയത്. പ്രവൃത്തികൾക്കായി 6 ലക്ഷം രൂപയാണ് വകയിരുത്തിയത്. തുറുകായി കുളത്തിന്റെ മാലിന്യങ്ങൾ നീക്കി, സംരക്ഷ ഭിത്തിയും പടവുകളും നിർമിക്കുന്നതിലേയ്ക്കായി 35 ലക്ഷം രൂപയാണ് വക യിരുത്തിയത്. പദ്ധതികളെല്ലാം തന്നെ സെപ്റ്റംബർ 30 ന് മുൻപ് നഗരസഭ പൂർത്തീക രിക്കുകയുണ്ടായി.



**പ്രസാദ് വി.എസ്.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇരിഞ്ഞാലക്കുട നഗരസഭ





# ചിറ്റൂർ-തത്തമംഗലം നഗരസഭ

## ചാലുകളുടെയും തോടുകളുടെയും ശുചീകരണം



ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ ജൽശക്തി അഭിയാന്റെ ഭാഗമായി അകംപാടം ചാലുകളും, തോടുകളും വൃത്തിയാക്കുന്ന 8 പ്രവൃത്തികളാണ് ഏറ്റെടുത്ത് പൂർത്തീകരിച്ചത്. നീർച്ചാലുകൾ വൃത്തിയാക്കുന്നതിനായി 2021 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ 2641 അവിദഗ്ധ തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് 768531/- രൂപ വേതനം നൽകുകയും ചെയ്തു.

ചിറ്റൂർ-തത്തമംഗലം നഗരസഭ കാർഷിക മേഖലയായതിനാൽ ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് അകംപാടം ചാലുകളെയും, തോടുകളെയുമാണ്. ഇത്തരത്തിലുള്ള 7.9 കി.മീ ദൈർഘ്യമുള്ള ചാലുകൾ വൃത്തിയാക്കിയതിലൂടെ നഗരസഭ പരിധിയിലുള്ള ജലാശയങ്ങളിലേക്ക് വെള്ളം തടസ്സം കൂടാതെ എത്തിക്കുന്നതിനും, സംഭരിക്കുന്നതിനും അതുവഴി ഏകദേശം 350 ഓളം ഹെക്ടർ സ്ഥലങ്ങളിൽ കാർഷിക പ്രവൃത്തികൾ ജലദൗർലഭ്യമില്ലാതെ നടത്തുന്നതിനും സാധിക്കും.




**സുഷമ വി.എസ്.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ചിറ്റൂർ-തത്തമംഗലം നഗരസഭ





# വടക്കൻ പറവൂർ നഗരസഭ



## കൊറ്റൻ കുളം നവീകരണം



**സീന ജി.ആർ.**
നോഡൽ ആഫീസർ
സെക്രട്ടറി
വടക്കൻ പറവൂർ നഗരസഭ

രാജ്യത്തിന്റെ 70-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോട് അനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായിട്ടുള്ള ജൻശക്തി അഭിയാൻ പദ്ധതികൾ പറവൂർ നഗരസഭയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോർത്ത് പറവൂർ നഗരസഭയിലെ 16-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊറ്റൻ കുളം നവീകരണമാണ് 2021-22 പ്രോജക്ടിൽ ഉൾപ്പെടുത്തി അമൃത് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ളത്. 5 ലക്ഷം രൂപ യാണ് ഈ കുളത്തിന്റെ നവീകരണത്തിനായി ചെലവഴിച്ചിട്ടുള്ളത്.

വളരെ പഴക്കം ചെന്ന ഈ കുളം വളരെ നാളായി പുനരുദ്ധാരണം നടത്താതെ കാടുപിടിച്ച് ചെളി നിറഞ്ഞ് ഉപയോഗ ശൂന്യമായ അവസ്ഥയിലായിരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കുളത്തിന്റെ ചുറ്റുഭാഗം വൃത്തിയാക്കുകയും, ചെളികൾ നീക്കി ആഴം കൂട്ടുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ പഴക്കം ചെന്ന കൽക്കെട്ടുകൾ ബലപ്പെടുത്തുകയും, കുളത്തിന്റെ ചുറ്റും കൽക്കെട്ടിനോട് ചേർന്ന് ടൈൽ പാകി യിട്ടുള്ളതുമാണ്.

ഈ കുളം സമീപ വാസികൾക്ക് വേനൽക്കാലത്ത് വെള്ളം ലഭ്യമാക്കുന്നതിന് ഒരു പ്രധാനപ്പെട്ട ജലസ്രോതസ്സാണ്. നീന്തൽ പരിശീലനത്തിനും ഉപയോഗിക്കാവുന്ന വിധ ത്തിലാണ് കുളം പുനരുദ്ധാരണം നടത്തിയിട്ടുള്ളത്.





# വടക്കാഞ്ചേരി നഗരസഭ

## മഴവെള്ളക്കൊയ്ത്ത്



വടക്കാഞ്ചേരി നഗരസഭയുടെ പുതിയ ഓഫീസ് കെട്ടിടത്തിൽ 5000 സ്ക്വയർ ഫീറ്റ് ക്യാച്ച്മെന്റ് ഏരിയ വരുന്ന സ്ഥലത്തെ മഴവെള്ളം സംഭരിച്ച് റീച്ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം 18 ലക്ഷം രൂപ ചെലവിൽ പ്രവൃത്തി പൂർത്തീകരിച്ചു. വടക്കാഞ്ചേരി നഗരസഭാ പ്രദേശത്തെ 50 ഏക്കറോളം വരുന്ന സ്ഥലത്തെ കൃഷിക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഡിവിഷൻ 29 പടിഞ്ഞാറ്റുമുറിയിൽ ജലശക്തി അഭിയാന്റെ ഭാഗമായി നഗരസഭ കനാൽ നിർമ്മിച്ചു. 44 ലക്ഷം രൂപയാണ് നിർമാണ ചെലവ്. കനാൽ കർഷകർക്കായി തുറന്നുകൊടുത്തു.



**പി.എ. മഹേന്ദ്ര**
നോഡൽ ആഫീസർ
മുനിസിപ്പൽ എഞ്ചിനീയർ
വടക്കാഞ്ചേരി നഗരസഭ









# കൂത്താട്ടുകുളം നഗരസഭ



## കാട്ടകപാടം ചിറ നവീകരണം



**ഗ്രേഷ്യസ് എം. ജോൺ**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
കൂത്താട്ടുകുളം നഗരസഭ

അമൃത് പദ്ധതിയുടെ ഭാഗമായുള്ള ജൽ ശക്തി അഭിയാൻ പദ്ധതിയുടെ മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/ കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക തുടങ്ങിയ മുൻഗണനാ മേഖലകളിൽ ജലാശയങ്ങളുടെ പുനരുജ്ജീവനം എന്ന മേഖലയിലെ പദ്ധതിയാണ് കൂത്താട്ടുകുളം നഗരസഭ നടപ്പിലാക്കിയത്.

കൂത്താട്ടുളം നഗരസഭയിലെ കാട്ടകപാടം ചിറയാണ് പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചത്. ചിറയുടെ ഉപരിതലം മുഴുവൻ ആഫ്രിക്കൻ പായൽ മൂടി ഉപയോഗശൂന്യമായിരിക്കുകയായിരുന്നു. പ്രദേശത്തെ പ്രധാന ജല സ്രോതസ്സായിരുന്ന ചിറയിൽ 1765.5 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലാണ് പായൽ നീക്കം ചെയ്തത്. നവീകരണ പ്രവർത്തനങ്ങൾക്കായി 31,956/- രൂപ ചിലവഴിച്ചു. പായൽ നീക്കം ചെയ്തതോടെ പ്രദേശവാസികൾക്ക് ചിറ വീണ്ടും ഉപയോഗിക്കാൻ സാധിക്കും.



# ഷൊർണൂർ നഗരസഭ



## കിണർ നവീകരണം

ഷൊർണൂർ നഗരസഭയുടെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.ആർ.വി. സ്കൂളിന് സമീപമുള്ള പൊതുകിണർ നവീകരിച്ചു. കിണർ നവീകരണ ത്തിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

പ്ലാസ്റ്റിക് മാലിന്യങ്ങളും ചപ്പുചവറുകളും നിക്ഷേപിച്ച് മലിനമായ അവസ്ഥയിലായി രുന്നു കിണർ. മലിനജലം മോട്ടോർ ഉപയോഗിച്ച് നീക്കംചെയ്തു. കിണറിലെ മാലിന്യ ങ്ങളെല്ലാം നീക്കം ചെയ്തു. ജീർണ്ണാവസ്ഥയിലായിരുന്ന സംരക്ഷണ ഭിത്തി കോൺ ക്രീറ്റ് ചെയ്ത് ബലപ്പെടുത്തി കിണറിനു ചുറ്റും ഇന്റർ ലോക്ക് ചെയ്ത് മനോഹരമാക്കി. കിണറിൽ വീണ്ടും മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാനായി ഗ്രിൽ നെറ്റ് വിരിച്ച് കിണറിന് സംരക്ഷണമൊരുക്കി.

പരിസരവാസികൾക്ക് കിണർ ഉപയോഗിക്കാൻ പാകത്തിൽ വൃത്തിയാക്കിയെടുക്കാൻ സാധിച്ചു. പദ്ധതിയിലൂടെ ഭൂഗർഭ ജലം സംരക്ഷിക്കുവാനും അത് വേനൽക്കാലത്ത് പൊതുജനങ്ങൾക്ക് ഉപയോഗക്ഷമമാക്കുവാനും സാധിച്ചു.



**ആഷിഫ് എം.എ.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
ഷൊർണൂർ മുനിസിപ്പാലിറ്റി





# ഫറോക്ക് നഗരസഭ



# പേരുവന്മാട് തോട് നവീകരണം



**അഭിലാഷ് ടി.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
ഫറോക്ക് മുനിസിപ്പാലിറ്റി

ഫറോക്ക് നഗരസഭയിൽ 01,30 വാർഡുകളുടെ അതിർത്തി പങ്കിടുന്നതും ഏകദേശം 100 വർഷം പഴക്കമുള്ളതും മനുഷ്യ നിർമിതവുമായ തോടാണ് പേരുവാന്മാട് തോട്. കയർ വ്യവസായവുമായി ബന്ധപ്പെട്ട് നിർമിക്കപ്പെട്ടതാണ് 600 മീറ്റർ നീളവും 4.50 മീറ്റർ ആഴവുമുള്ള ഈ തോട്. ചാലിയാർ പുഴയുടെ കിഴക്ക് വശത്ത് നിന്ന് തുടങ്ങി പടിഞ്ഞാറ് ചാലിയാർ പുഴയിൽ തന്നെ അവസാനിക്കുന്ന രീതിയിലാണ് ഈ തോട് നിർമിച്ചിരിക്കുന്നത്. കയർ വ്യവസായത്തിന്റെ പതനത്തിനുശേഷം ഈ തോട് ഉപയോഗശൂന്യമാവുകയും കാലക്രമേണ തോടിന്റെ വശങ്ങൾ ഇടിഞ്ഞും മണ്ണും മാലിന്യങ്ങളും നിറഞ്ഞ് മലീമസമാവുകയും ചെയ്തു. മലിനീകരണം കാരണം തോടിന്റെ ഇരു വശങ്ങളിലും താമസിക്കുന്നവരുടെ ജീവിതം ദുരിത പൂർണ്ണമായി. ഫറോക്ക് നഗരസഭയും ഹരിത കേരളം മിഷനും ചേർന്ന് തോടിന്റെ കിഴക്ക് വശത്ത് നിന്ന് 300 മീറ്റർ നീളത്തിൽ പാർശ്വഭിത്തി കെട്ടി തോട് ശുചീകരിച്ചിരുന്നു.

ഫറോക്ക് നഗരസഭയുടെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ശേഷിക്കുന്ന 300 മീറ്റർ ദൂരം പാർശ്വ ഭിത്തി കെട്ടി മാലിന്യങ്ങൾ നീക്കം ചെയ്യാൻ പദ്ധതി രൂപീകരിച്ചിരുന്നു. ആയത് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 68,89,000/- രൂപ വകയിരുത്തി നഗരസഭാ എഞ്ചിനീയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ 2021 ജൂലൈ മാസത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്ഥലം എം.എൽ.യും. ബഹു. പൊതുമരാമത്ത് മന്ത്രിയുമായ ശ്രീ. പി.എ. മുഹമ്മദ് റിയാസ് തോട് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുകയും ചെയ്തു. നവീകരിച്ച തോടിൽ മത്സ്യകൃഷി നടത്തുവാനാണ് നഗരസഭ ലക്ഷ്യമിടുന്നത്.





# കൽപ്പറ്റ നഗരസഭ



## വെള്ളാരംകുന്ന് കുളം നവീകരണം

കൽപ്പറ്റ നഗരസഭയിൽ 23-ാം വാർഡിൽ അമൃത് മഹോത്സവം - ജൽ ശക്തി അഭിയാൻ പദ്ധതി പ്രകാരം വെള്ളാരംകുന്ന് മൺകുളം നവീകരിച്ചു. വെള്ളാരംകുന്നിൽ നഗരസഭയുടെ അധീനതയിലുള്ള 8 ഏക്കർ സ്ഥലത്ത് 1200 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഖര-ജൈവ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമാണം അന്തിമ ഘട്ടത്തിലാണ്. ഇതിന് സമീപത്തായി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള കിണറിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും വരൾച്ച സമയത്ത് വെള്ളം പമ്പ് ചെയ്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ട് പോകുന്നതിനും 8 ഏക്കർ സ്ഥലത്ത് നിലവിലുള്ള കാപ്പി, കവുങ്ങ്, കുരുമുളക് കൃഷികൾക്കും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തുന്ന ജൈവ പച്ചക്കൃഷിക്കും, നഴ്സറിക്കും ആവശ്യമായ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനും ഈ കുളം ഉപകാരപ്രദമാകും. ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യ കൃഷിക്കായി മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ കൃഷിയുടെ ഉദ്ഘാടനം നഗരസഭാ ചെയർമാൻ ശ്രീ. കേയംതൊടി മുജീബ് നിർവ്വഹിച്ചു.


40,000/- രൂപയുടെ എസ്റ്റിമേറ്റിൽ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് കുളം നവീകരണം പൂർത്തീകരിച്ചത്.



**ബിജു വി.ജി.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
കൽപ്പറ്റ മുനിസിപ്പാലിറ്റി



# കാഞ്ഞങ്ങാട് നഗരസഭ



## തോടുകളുടെ നവീകരണം

ജൽ ശക്തി അഭിയാൻ അമൃത് മഹോത്സവം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചേടീ റോഡ് - കുറ്റ്യാന്തോൽ തോട് നവീകരിച്ചു. 169 തൊഴിൽ ദിനങ്ങളിലായി 53000/- രൂപ എസ്റ്റിമേറ്റ് തുകയ്ക്കാണ് പ്രവൃത്തി പൂർത്തീകരിച്ചത്. കൂടാതെ പൈരടുക്കം തോടും നവീകരിച്ചു. 168 തൊഴിൽ ദിനങ്ങളിലായി 52000/- രൂപയ്ക്കാണ് പ്രവൃത്തി പൂർത്തീകരിച്ചത്. മഴക്കാലത്ത് സമീപപ്രദേശങ്ങളിൽ നിന്നും ഒഴുകി വന്ന് കെട്ടികിടക്കുന്ന മഴവെള്ളത്തെ കൃത്യമായി നിർഗമിപ്പിക്കുന്നതിന് പ്രസ്തുത പ്രവൃത്തി സഹായകമായി.



**റോയി മാത്യു**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി







# കൂത്തുപറമ്പ് നഗരസഭ

## കിണർ റീചാർജ്ജിംഗ്



ജൽശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൂത്തുപറമ്പ് നഗരസഭയിൽ നടപ്പാക്കിയ പദ്ധതി കിണർ റീ ചാർജ്ജിംഗ് ആണ്. 7 ഗുണഭോക്താക്കളാണ് മഴവെള്ളം നേരിട്ട് ഫിൽറ്റർ ചെയ്ത് കിണറിലേയ്ക്ക് തിരിച്ചുവിടുന്ന സംവിധാനം ഒരുക്കിയത്.





**വിനോദൻ കെ.**
നോഡൽ ആഫീസർ
സെക്രട്ടറി
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി





# കോട്ടയ്ക്കൽ നഗരസഭ

## കിണർ നിർമാണം



മുൻഗണനാ വിഭാഗത്തിലും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലും, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബത്തിലും, പുതിയ കിണറിന്റെ നിർമ്മാണം സാധ്യമായി. ശുദ്ധജലത്തിന്റെ ലഭ്യത വർദ്ധിച്ചു. ഗാർഹിക ആവശ്യത്തിനും കൃഷിക്കും ഈ പ്രവൃത്തി വളരെയധികം പ്രയോജനം ചെയ്തു.

തെങ്ങുകളുടെ തടം തുറക്കൽ എന്ന പ്രവൃത്തി മഴവെള്ളക്കൊയ്ത്തിനു സഹായിച്ചു. മണ്ണിൽ ജലാംശം വർദ്ധിച്ചു. കാര്യശേഷിയും കായ്ഫല ശേഷിയും വർദ്ധിച്ചു. കാർഷിക മേഖലയുടെ പുരോഗതിയെ സഹായിച്ചു. തൊഴിൽ നൽകാനും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.

മഴവെള്ളത്തിന്റെ ശരിയായ ഒഴുക്കിനെ സഹായിച്ചു. മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സാധിച്ചു. പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിന് സാധിച്ചു. കൃഷിക്കും ജലസേചനത്തിനും പ്രയോജനം ലഭിച്ചു. തോട്ടിൽ ജലത്തിന്റെ സംഭരണ ശേഷി വർദ്ധിച്ചു.



**അരുൺ എസ്. ദാസ്**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി



# മാനന്തവാടി നഗരസഭ



## വിവിധ പദ്ധതികൾ

മാനന്തവാടി നഗരസഭ ജല ശക്തി അഭിയാൻ അമൃത് മഹോത്സവ് പദ്ധതിയിലുൾപ്പെടുത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം എരുമത്തെരുവ് (27) ഡിവിഷനിലെ ചൂട്ടക്കടവ് പ്രദേശത്ത് വൃക്ഷത്തൈ നട്ടു. 50 സെന്റ് സ്ഥലത്ത് 750 വൃക്ഷത്തൈകളാണ് നട്ടത്. പദ്ധതിയ്ക്കായി 30,000/- രൂപ ചെലവായി.

കുറ്റിമൂല (35) ഡിവിഷനിലെ കുറ്റിമൂല പ്രദേശത്തെ പൊതു കുളത്തിന്റെ നവീകരണം നടത്തി. 0.04 ഏക്കർ വിസ്തൃതിയുള്ള കുളമാണ് നവീകരിച്ചത്. പദ്ധതിയ്ക്കായി 55,000/- രൂപ ചിലവായി. കൂടാതെ കുറുക്കൻമൂല (12) ഡവിവഷനിലെ മുണ്ടൻ തോട് പുനരുദ്ധാരണം നടത്തി. 5520 മീറ്റർ നീളത്തിൽ നഗരസഭാതിർത്തിക്കുള്ളിലൂടെ കടന്നുപോകുന്ന തോടിന്റെ 3500 മീറ്റർ ഭാഗം തീർത്തും മലിനമായ അവസ്ഥയിലായിരുന്നു. അതിൽ 750 മീറ്റർ ദൂരം 50,000/- രൂപ ചെലവിൽ പുനരുദ്ധരിച്ചു.



**അനിൽകുമാർ എ.എം.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
മാനന്തവാടി മുനിസിപ്പാലിറ്റി





# സുൽത്താൻബത്തേരി നഗരസഭ

## നഗരസൗന്ദര്യവത്ക്കരണം





**മുനവർ കെ.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
സുൽത്താൻ ബത്തേരി
മുനിസിപ്പാലിറ്റി

വടക്കൻ കേരളത്തിൽ തമിഴ്നാട് സംസ്ഥാനത്തിലെ നീലഗിരി ജില്ലയോടും കർണ്ണാടക സംസ്ഥാനത്തിലെ ചാമരാജ് നഗർ ജില്ലയോടും ചേർന്ന് കിടക്കുന്ന നഗരസഭയാണ് സുൽത്താൻ ബത്തേരി. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് ആയുധങ്ങൾ സൂക്ഷിക്കുന്നതിന് ഇവിടെ തിരഞ്ഞെടുത്തതുകൊണ്ട് സുൽത്താൻസ് ബാറ്ററി എന്ന പേരു വരികയും പിന്നീട് സുൽത്താൻ ബത്തേരി എന്നാകുകയും ചെയ്തെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. 2015 ലാണ് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറുന്നത്. കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766 ന്റെ ഇരുഭാഗങ്ങളിലാണ് 80 ശതമാനവും സുൽത്താൻ ബത്തേരി പട്ടണം സ്ഥിതിചെയ്യുന്നത്. സുൽത്താൻ ബത്തേരി നഗരസഭ ആയതിനുശേഷം ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി *"ഗ്രീൻ സിറ്റി, ക്ലീൻ സിറ്റി, ഫ്ളവർ സിറ്റി"* എന്ന മുദ്രാവാക്യത്തിലൂന്നി നഗരസഭാ പ്രദേശങ്ങൾ ആകെ മാലിന്യമുക്തമാക്കുന്നതിനും റോഡിനിരുവശവും ചെടികളും പൂക്കളും വെച്ചുപിടിപ്പിച്ച് മനോഹരമാക്കുന്നതിനുമായി ഭരണാധികാരികളും വ്യാപാരികളും പൊതുജനങ്ങളും കൂട്ടായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു. തുടർന്ന് പൊതുഇടങ്ങളിൽ തുപ്പുന്നത് നിരോധിച്ചുകൊണ്ടുള്ള ആദ്യനഗരസഭ എന്ന ബഹുമതിയും കേരളത്തിലെ ഏറ്റവും വൃത്തിയുള്ള നഗരം എന്ന ഖ്യാതിയും നേടി. കെട്ടിട നിർമ്മാണ അനുമതിക്കായി പ്ലാൻ സമർപ്പിക്കുമ്പോൾ രണ്ട് ചെടികൾ നടുന്നതിനുള്ള സ്ഥാനം കൂടി സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തണമെന്ന നിബന്ധന വെക്കുകയും വിനിയോഗാനുമതി നൽകുമ്പോൾ ചെടികൾ വച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തു.

2021-22 വാർഷിക പദ്ധതിയിൽ കേന്ദ്ര സർക്കാർ പദ്ധതിയായ ജൽ ശക്തി അഭിയാൻ പദ്ധതി കൂടി വന്നതോടുകൂടി ജലസംരക്ഷണവുമായി ബന്ധപ്പെട്ട 4 പദ്ധതികളും 'ചെടി നടീലും സംരക്ഷണവും' എന്ന പേരിൽ 5 ലക്ഷം രൂപ അടങ്കലുള്ള സെപ്തംബർ 30 നകം പൂർത്തീകരിച്ച പദ്ധതിയുമാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി നടപ്പാക്കിയതോടുകൂടി നഗരത്തിൽ ദേശീയപാതയുടെ ഇരുവശങ്ങളിലും കൈവരികളിൽ വിവിധ തരത്തിലുള്ള ചെടികൾ വെച്ചുപിടിപ്പിക്കുകയും നല്ല രീതിയിൽ പരിപാലിക്കുന്നതിനും നഗരസഭ ശ്രദ്ധ പതിപ്പിക്കുന്നു. ഇപ്പോൾ നഗരത്തിലൂടെ കടന്നുപോകുന്ന ആർക്കും വീഥിയുടെ ഇരുവശവും വിരിഞ്ഞു നിൽക്കുന്ന വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ കൺകുളിർമ്മയും സന്തോഷവും നൽകുന്നു. കൂടാതെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നഗരസൗന്ദര്യവത്കരണ പരിപാടിയെക്കുറിച്ച് മനസ്സിലാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശനം നടത്തിവരുന്നു.









# പയ്യന്നൂർ നഗരസഭ

## തോടുകളുടെ നവീകരണം

പയ്യന്നൂർ മുനിസിപ്പാലിറ്റി ജൽ ശക്തി അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി 18 തോടുകളുടെ നവീകരണമാണ് നടത്തിയത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് തോടുകളുടെ പുനരുജ്ജീവനം സാധ്യമാക്കിയത്. തോടുകളിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് ജലമൊഴുക്ക് സുഗമമാക്കി. 2021 ജൂണിൽ ആരംഭിച്ച പ്രവൃത്തികൾ 2021 സെപ്റ്റംബറിൽ പൂർത്തീകരിച്ചു. ഈ പദ്ധതി നിർവ്വഹണത്തിലുടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കൃഷിക്കും മറ്റാവശ്യങ്ങൾക്കുമുള്ള ജലം ഉറപ്പ് വരുത്തുവാനും സാധിച്ചു.



**ഉണ്ണി കെ.**
നോഡൽ ആഫീസർ
അസിസ്റ്റന്റ് എഞ്ചിനീയർ
പയ്യന്നൂർ മുനിസിപ്പാലിറ്റി







# അമൃത് പദ്ധതി സൂചിക (31.10.2021 പ്രകാരം)

## കേരളം
2357.69 കോടി രൂപയുടെ 1002 പദ്ധതികൾ
2381.00 കോടി രൂപയുടെ 1002 പദ്ധതികൾക്ക് ഭരണാനുമതി
2179.86 കോടി രൂപയുടെ 1000 പദ്ധതികൾക്ക് സാങ്കേതികാനുമതി
2167.24 കോടി രൂപയുടെ 997പദ്ധതികൾ ടെന്റർ ചെയ്തു
2009.22 കോടി രൂപയുടെ 983 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
738 പദ്ധതികൾ പൂർത്തീകരിച്ചു. 1221.99 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
323.21 കോടി രൂപയുടെ 266 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
227 പദ്ധതികൾ പൂർത്തീകരിച്ചു. 201.88 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം
253.45 കോടി രൂപയുടെ 59 പദ്ധതികൾ
302.00 കോടി രൂപയുടെ 59 പദ്ധതികൾക്ക് ഭരണാനുമതി
205.21 കോടി രൂപയുടെ 58 പദ്ധതികൾക്ക് സാങ്കേതികാനുമതി
205.21 കോടി രൂപയുടെ 58 പദ്ധതികൾ ടെന്റർ ചെയ്തു
177.12 കോടി രൂപയുടെ 55 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
38 പദ്ധതികൾ പൂർത്തീകരിച്ചു. 66.31 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ
222.70 കോടി രൂപയുടെ 195 പദ്ധതികൾ
219.68 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതി
218.10 കോടി രൂപയുടെ 195 പദ്ധതികൾക്ക് സാങ്കേതികാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾ ടെന്റർ ചെയ്തു
212.70 കോടി രൂപയുടെ 190 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
138 പദ്ധതികൾ പൂർത്തീകരിച്ചു. 157.60 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി
328.78 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
77 പദ്ധതികൾ പൂർത്തീകരിച്ചു. 138.43 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ
269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെന്റർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
75 പദ്ധതികൾ പൂർത്തീകരിച്ചു. 128.52 കോടി രൂപ നാളിതുവരെ ചെലവഴിച്ചു


## ഗുരുവായൂർ
203.10 കോടി രൂപയുടെ 33 പദ്ധതികൾ
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
11 പദ്ധതികൾ പൂർത്തീകരിച്ചു. 135.36 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്
221.75 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
104 പദ്ധതികൾ പൂർത്തീകരിച്ചു. 133.30 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.46 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
302.23 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
302.23 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
44 പദ്ധതികൾ പൂർത്തീകരിച്ചു. 118.14 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
199.54 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
199.42 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
197.61 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 141.77 കോടി രൂപ നാളിതുവരെ ചെലവഴിച്ചു






Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014